"ഭരണഭാഷ - മാതൃഭാഷ"

നം. ജി 2/26286/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 10.10.2017
ഫോൺ: 0471-2303107

## കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
## ലേല പരസ്യം

01.03.2013 - ലെ GO(P)50 110/13/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് തലവൻമാർക്ക് ഒരു ലക്ഷം രൂപ വരെ upset value ഉള്ള വാഹനങ്ങൾ condemn ചെയ്യാനുള്ള അധികാരമുണ്ടെന്ന് അറിയിച്ച സാഹചര്യത്തിൽ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള രണ്ട് വാഹനങ്ങൾ (വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു) വികാസ് ഭവനിലുള്ള ആസ്ഥാന കാര്യാലയത്തിൽ വച്ച് 23.10.2017 - ന് രാവിലെ 11 മണിക്ക് പരസ്യമായി ലേലം വ്യവസ്ഥയിൽ ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ PWD നിശ്ചയിച്ചിട്ടുള്ള upset value ന്റെ 2.5% emd ആയി ഡയറക്ടറുടെ പേരിൽ DD എടുത്ത്, ID കാർഡിന്റെ പകർപ്പ് സഹിതം ലേലദിവസം കൊണ്ട് വരേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആൾക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതും പ്രസ്തുത തുകയും നിയമാനുസൃതമായ നികുതിയും അപ്പോൾത്തന്നെ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം *യാതൊരുകാരണവും അറിയിക്കാതെ നീട്ടിവയ്ക്കാനും റദ്ദാക്കാനുമുള്ള അധികാരം* കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. വാഹനം ക്വട്ടേഷൻ വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർ സീൽചെയ്ത ക്വട്ടേഷനുകൾ (ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം ) ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ 23.10.2017 - ന് രാവിലെ 11 മണിക്കകം വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, തിരിച്ചറിയൽ രേഖകളുടെ പകർപ്പ് ഇവ അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരുകാരണവച്ചാലും പരിഗണിക്കുന്നതല്ല. *നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകളും* പരിഗണിക്കുന്നതല്ല.

ലേലസാധനം സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ഓഫീസിൽ നിന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതമുള്ള പിഴ ഈടാക്കുന്നതാണ്.

എല്ലാ സർക്കാർ ലേല വ്യവസ്ഥകളും നിബന്ധനകളും ഇതിനും ബാധകമായിരിക്കും. എന്തെങ്കിലും കാരണവശാൽ ലേലദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത ദിവസം ലേലം നടത്തുന്നതാണ്. വാഹനങ്ങളുടെ രേഖകളും മറ്റും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ഡയറക്ടറുടെ അംഗീകാരത്തോടെ പരിശോധിക്കാവുന്നതാണ്.

ലേലം വിളി അവസാനിച്ചാലുടൻ ക്വട്ടേഷൻ തുറക്കുന്നതും, ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ വ്യക്തിക്ക് ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ നാലിലൊരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേലസ്ഥലത്തു വച്ച് അടയ്ക്കേണ്ടതും,

GOVERNMENT OF KERALA

ബാക്കി തുക മൂന്ന് ദിവസത്തിനകം അടച്ച് അതാത് വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾ ലേലദിവസം നേരിട്ട് ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ ക്വട്ടേഷൻ തുകയുടെ നാലിലൊന്ന് ഡിമാന്റ് ഡ്രാഫ്റ്റായി ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല. ലേലദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത ദിവസം 3 മണിയ്ക്ക് തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്ന് വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേലം /ക്വട്ടേഷൻ നടപടി റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും

| | | |
|---|---|---|
| 1. | മോഡലും വർഷവും | 1. 1999 ഡീസൽ അംബാസിഡർ.<br>2. 2004 ഡീസൽ അംബാസിഡർ. |
| 2. | രജിസ്ട്രേഷൻ നമ്പർ | 1. No.KL.01-Q.806.<br>2. No.KL.01-AE-442. |
| 3. | എഞ്ചിൻ ചെയിസ്സ്സ് നമ്പർ | 1. 6EPEY 019657, AEY 802011.<br>2. 3HNAD009344, ABD 874488 |
| 4. | നിരതദ്രവ്യം | 1. 450/-<br>2. 300/- |
| 5. | വാഹനം പാർക്ക് ചെയ്തിരിക്കുന്ന സ്ഥലം | 1. വികാസ് ഭവൻ.<br>2. വികാസ് ഭവൻ. |
| 6. | ഇ.എം.ഡി | 2.5% |

ഒപ്പ്/-
എം.എസ്. ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

പകർപ്പ്:-
1. വെബ് സൈറ്റ്.
2. നോട്ടീസ് ബോർഡ് വികാസ് ഭവൻ,
3. വില്ലേജ് ഓഫീസ് പട്ടം.
4. കറന്റ് ഫയൽ / സ്റ്റോക്ക് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.10.10.2017

0396487